ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. നിയമനം

61 (1097) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. ഹിസ്റ്ററി, കെമിസ്ട്രി വിഷയങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയുമോ ;

(ബി) എച്ച്.എസ്.എ. ഹിസ്റ്ററി, കെമിസ്ട്രി വിഷയങ്ങളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്), എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) എച്ച്.എസ്.എ. സോഷ്യൽ സയൻസിന് 6 (ആറ്) ഒഴിവുകളും, എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന് 4 (നാല്) ഒഴിവുകളും നിലവിലുണ്ട്.

(സി) എച്ച്.എസ്.എ. സോഷ്യൽ സയൻസ് വിഭാഗത്തിൽ നിലവിലുള്ള ആറ് ഒഴിവുകളിൽ നിയമാനുസൃതമുള്ള 2 (രണ്ട്) ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നതിനും 2 (രണ്ട്) ഒഴിവുകളിൽ അന്തർജില്ലാ സ്ഥലംമാറ്റം വഴി നിയമനം നടത്തുന്നതിനും ഒരൊഴിവിൽ പ്രൈമറി വിഭാഗത്തിൽ നിന്നുള്ള അദ്ധ്യാപകരുടെ സ്ഥാനക്കയറ്റംവഴി നികത്തുന്നതിനും മറ്റൊരൊഴിവ് ട്രൈ ട്രാൻസ്ഫർ വഴി നികത്തുന്നതിനുമുള്ള നടപടികൾ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചുവരുന്നു. എച്ച്.എസ്.എ. (ഫിസിക്കൽ സയൻസിന്) നിലനിൽക്കുന്ന 4 (നാല്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നിയമന ശിപാർശ ഇതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly